ചൈനക്കാരും പതിനയ്യായിരം പാക്കിസ്ഥാനികളും ഈ റോഡുപണിയിൽ ഏർപ്പെട്ടിരുന്നു. ഈ റോഡിൽ ചൈന എൺപതു പാലങ്ങൾ നിർമിച്ചിട്ടുണ്ടു്. അതിലൊന്നു് ഥാക്കോട്ടു് എന്ന സ്ഥലത്തു സിന്ധുനദിക്കു കുറുകെ ഉള്ളതാണു്. അറുന്നൂറിനാല്പതു കിലോമീറ്റർ നീളത്തിൽ പാതയിൽ കല്ലു വിരിച്ചിട്ടുണ്ടു്. പാത പണിയുന്നതിന്നിടയ്ക്കു മൂന്നു കോടി ഘനവാര മണ്ണും കല്ലും നീക്കുകയുണ്ടായി. പാറ പൊളിക്കാൻ എണ്ണായിരം ടൺ ഡൈനാമിറ്റു് ഉപയോഗിച്ചു. ഓരോ മൈൽ റോഡിനും ഓരോ തൊഴിലാളിയെങ്കിലും അപകടത്തിൽപെട്ടു മരിച്ചിരിക്കണം.

നിയമപ്രകാരം ഇന്ത്യയുടേതായ സ്ഥലത്തിലൂടെ പാക്കിസ്ഥാനും ചൈനയും ചേർന്നു യുദ്ധതന്ത്രപ്രാധാന്യമുള്ള ഈ റോഡു് വെട്ടുന്നതു് നോക്കിനിന്നു പ്രതിഷേധിക്കാനേ ഇന്ത്യയ്ക്കു കഴിഞ്ഞുള്ളു. ഈ മെയ്മാസത്തിൽ ഖുഞ്ജരാബ് ചുരം ഗതാഗതത്തിനു തുറന്നുകൊടുത്തപ്പോഴും ഇന്ത്യ ഔപചാരികമായി പ്രതിഷേധിച്ചു.

പീക്കിങ്ങിൽനിന്നു് അറബിക്കടൽത്തീരംവരെ ചൈനീസ് വാഹനങ്ങൾക്കു് ഉരുണ്ടുപോകാൻ സൗകര്യം നല്കുന്നതെങ്കിലും, കാറക്കോറം റോഡിനു് അത്രയധികം യുദ്ധതന്ത്രപ്രാധാന്യമില്ലെന്നാണു് ഇപ്പോൾ പറയപ്പെടുന്നതു്. ഒന്നാമതു്, അതിലെ എണ്ണൂറു കിലോമീറ്റർ പ്രദേശത്തു കൂടെക്കൂടെ മലയിടിയലും മഞ്ഞുവീഴലും മൂലം ഗതാഗതം തടസ്സപ്പെടും. രണ്ടാമതു്, വിമാനങ്ങളിൽനിന്നു ബോംബിട്ടു് ഈ റോഡിലെ ഗതാഗതം എളുപ്പത്തിൽ തകരാറിലാക്കാം.

അതേതായാലും, ലോകത്തിന്റെ മോന്തായത്തിലൂടെയുള്ള കാറക്കോറം റോഡു് എൻജിനീയറിങ്ങിന്റെ ഒരു വമ്പിച്ച വിജയമായാണു കണക്കാക്കപ്പെടുന്നതു്. ടൂറിസ്റ്റുകൾക്കു് ഈ റോഡു് ഏറ്റവും വലിയ ഒരാകർഷണമായിക്കൂടെന്നില്ല; ടൂറിസ്റ്റുകളെ ഈ 'പട്ടാള'റോഡിലൂടെ സഞ്ചരിക്കാൻ പാക്കിസ്ഥാനും ചൈനയും അനുവദിക്കുമെങ്കിൽ.

(19 ജൂൺ, 1983)

# 12. പാക്കിസ്ഥാനിലെ ഭാഷാപ്രശ്നം

'ദേശീയബോധം വളർന്നുവന്നപ്പോൾ, അതിനു് അടിസ്ഥാനമായിരുന്നതു് പാരമ്പര്യപ്രകാരമുള്ള രാജ്യാതിർത്തികളോ, ഭൂമിശാസ്ത്രപരങ്ങളായ സാഹചര്യങ്ങളോ ആയിരുന്നില്ല; മറിച്ചു്, മിക്കപ്പോഴും മാതൃഭാഷ മാത്രമായിരുന്നു' എന്നു പ്രസിദ്ധ ചരിത്രകാരനായ ആർണോൾഡ് ടോയൻബി എഴുതിയിട്ടുണ്ടു്. മതത്തെക്കൂടി, ടോയൻബി പറഞ്ഞ രാജ്യാതിർത്തികളോടും ഭൂമിശാസ്ത്ര സാഹചര്യങ്ങളോടും കൂട്ടിച്ചേർക്കാവുന്നതാണു്. ദേശീയബോധത്തിന്റെ അടിസ്ഥാനം മതമോ, രാജ്യാതിർത്തികളോ, ഭൂമിശാസ്ത്രസാഹചര്യങ്ങളോ അല്ല, മാതൃഭാഷയാകുന്നു. ഒരേ മാതൃഭാഷ സംസാരിക്കുന്നവർ, തങ്ങൾ ഒരു ജനത, അഥവാ ഒരു രാഷ്ട്രം ആണെന്നു കരുതുന്നു, ഇതിനു് അപവാദങ്ങൾ (വ്യത്യസ്തതകൾ) കണ്ടേക്കാം. എങ്കിലും ഇതാണു് ഉത്സർഗം (സാമാന്യ നിയമം).

മതത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ രൂപവല്ക്കരിക്കപ്പെട്ടതാണു പാക്കിസ്ഥാൻ രാഷ്ട്രം. പക്ഷേ, മതം ഒന്നായതുകൊണ്ടുമാത്രം, തങ്ങൾ ഒരു രാഷ്ട്രമാണെന്നു ജനങ്ങൾ കരുതിക്കൊള്ളണമെന്നില്ലെന്നു വളരെ വേഗം വ്യക്തമായി. കിഴക്കൻ പാക്കിസ്ഥാനി

ലെ ബംഗ്ലാ ഭാഷ സംസാരിക്കുന്നവർ മററു ഭാഷകൾ സംസാരിക്കുന്ന പടിഞ്ഞാറൻ പാക്കിസ്ഥാനിലുള്ളവരിൽനിന്നു തങ്ങൾ തികച്ചും വ്യത്യസ്തരാണെന്നു കരുതി. ഒരു വ്യത്യസ്ത ദേശീയജനവിഭാഗമെന്ന നിലയിൽ, വേറിട്ടൊരു രാഷ്ട്രമായിത്തീരാനും, സ്വന്തം സർക്കാർ രൂപവല്കരിക്കാനുമുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി അവർ പടപൊരുതി; അതിൽ വിജയം നേടുകയുംചെയ്തു. അങ്ങനെ 'ബംഗ്ലാദേശ്' എന്ന മറെറാരു സ്വാതന്ത്ര രാഷ്ട്രംകൂടി ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉളവായി.

ഏറെക്കുറെ ഇത്തരത്തിലുള്ള ഒരു സമരം അവശിഷ്ട (പടിഞ്ഞാറൻ) പാക്കിസ്ഥാനിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ജനറൽ സിയാ ഉൾ ഹക്കിൻെറ പട്ടാള—ഏകാധിപത്യ—ഭരണകൂടവും ജനാധിപത്യം ആഗ്രഹിക്കുന്ന ബഹുജന സംഘടനകളും തമ്മിലുള്ള ഈ സമരത്തിൻെറ പ്രചോദനശക്തി ജനാധിപത്യരീതിയിലുള്ള ഭരണക്രമം പുനഃപ്രതിഷ്ഠിക്കുന്നതിലുള്ള താല്പര്യമാണെന്ന് ഉപരിതലത്തിൽ മാത്രം നോക്കുന്നവർക്കു തോന്നാം. എന്നാൽ, പ്രശ്നം കുറെക്കൂടി ആഴത്തിൽ കാണുന്നവർക്ക്, അടിച്ചമർത്തപ്പെട്ട മാതൃഭാഷകൾക്കു പ്രോത്സാഹനവും വിദ്യാഭ്യാസ—സംസ്കാര—മാദ്ധ്യമങ്ങളെന്ന നിലയിൽ പൊതുജീവിതത്തിൽ പ്രതിഷ്ഠയും നൽകുന്നതിനുള്ള ജനങ്ങളുടെ അദമ്യവും ജന്മസിദ്ധവുമായ ആവേശം ഈ സമരത്തിനടിയിൽ കാണാതിരിക്കുക സാദ്ധ്യമല്ല.

പാക്കിസ്ഥാൻെറ ദേശീയഭാഷയായി അംഗീകരിക്കപ്പെട്ടിരിക്കുന്ന ഉർദു, ആ രാജ്യത്തിലെ ഏതു സംസ്ഥാനത്തിലെയും പ്രാദേശികഭാഷയല്ല. ഡൽഹി, ഉത്തർപ്രദേശ് മുതലായ ഇന്ത്യൻ പ്രദേശങ്ങളിലേ, ഉർദു സംസാരഭാഷയായിരുന്നിട്ടുള്ളു. ഇന്ത്യയിലെ ഉർദുപ്രദേശങ്ങളിൽ നിന്നു കുറെയേറെ ആളുകൾ പാക്കിസ്ഥാനിലേക്കു താമസം മാററിയിട്ടുണ്ടെന്നതു ശരിതന്നെ. എങ്കിലും ഇപ്പോഴും പാക്കിസ്ഥാനിലെ ഒരു ന്യൂനപക്ഷഭാഷ മാത്രമാണ് ഉർദു. ഉർദു സംസാരിക്കുന്നവർ അവിടെ മററു ഭാഷകൾ സംസാരിക്കുന്നവർക്കിടയിൽ ചിതറിക്കിടക്കുന്നു.

ഇപ്പോഴത്തെ പാക്കിസ്ഥാനിൽ ഏററവുമധികം ജനങ്ങളുടെ മാതൃഭാഷ പഞ്ചാബിയാണ്. എങ്കിലും പാക്കിസ്ഥാനിൽ പഞ്ചാബി ഭാഷ ഇന്നും അവികസിതമത്രേ. പ്രാഥമിക വിദ്യാഭ്യാസത്തിൻെറ മാദ്ധ്യമമായിപ്പോലും പഞ്ചാബി അവിടെ ഉപയോഗിക്കപ്പെടുന്നുമില്ല. എടുത്തു പറയേണ്ട ഒരു സംഗതി, പാക്കിസ്ഥാനിൽ പഞ്ചാബിഭാഷയ്ക്ക് ഇനിയുമൊരു ലിപി ഉണ്ടായിക്കഴിഞ്ഞിട്ടില്ലെന്നതാണ്. ഇന്ത്യയിൽ പഞ്ചാബിഭാഷയുടെ ലിപിയായി ഉപയോഗിക്കപ്പെടുന്നതു് നാഗരിയുടെ ഒരു രൂപാന്തരമായ 'ഗുരുമുഖി' ആകുന്നു. സിഖ് മതത്തോടാണു ഗുരുമുഖിയുടെ ബന്ധം. അതിനാൽ പാക്കിസ്ഥാനിലെ പഞ്ചാബി സംസാരിക്കുന്ന മുസ്ളിങ്ങൾ ഗുരുമുഖി ലിപി അംഗീകരിച്ചിട്ടില്ല. പാക്കിസ്ഥാനിൽ ഇപ്പോൾ പഞ്ചാബി എഴുതപ്പെടുന്നുണ്ടെങ്കിൽ അതു് ഉർദു ലിപിയിലാണ്.

പാക്കിസ്ഥാനിലെ പഞ്ചാബ് സംസ്ഥാനം (പടിഞ്ഞാറൻ പഞ്ചാബ്) ഒരു ഏകഭാഷാപ്രദേശമല്ല. അവിടെ പകുതിയോളം ജനങ്ങൾ 'സിരൈകി' എന്ന ഭാഷസംസാരിക്കുന്നു. മുമ്പ് ഈ ഭാഷയെ വിളിച്ചിരുന്നതു് ലേഹ്ണ്ഡ, ജാട്കി, മുൾത്താനി, രിയാസ്തി, പടിഞ്ഞാറൻ പഞ്ചാബി എന്നെല്ലാമാണ്. പാക്കിസ്ഥാൻെറ കേന്ദ്രത്തിൽ, സിന്ധുനദിയുടെ രണ്ടു കരകളിലും ചീനാബിൻെറയും സത്ലജിൻെറയും സിന്ധുനദീസംഗമസ്ഥാനങ്ങൾക്കടുത്തുമായി 'സിരൈകി' ഭാഷാപ്രദേശം സ്ഥിതിചെയ്യുന്നു. 'സിരൈകി'ക്കും പഞ്ചാബിക്കുമിടയിൽ വ്യക്തമായ അതിർത്തിരേഖകളില്ല; ഈ ഭാഷകൾ പരസ്പരം ഇടകലർന്നു കിടക്കുന്നു. പഞ്ചാബിക്കും 'സിരൈകിക്കും' തമ്മിലുള്ള മുഖ്യ ഭേദം

ധ്വനികളെ സംബന്ധിച്ചതു് (ഫോണോളജിക്കൽ) ആണ്. പദനിഷ്പാദനരീതിയും (മോർഫോളജി) വാക്യവിന്യാസരീതിയും (സിൻടാക്സ്) അടിസ്ഥാനമാക്കി, 'സിരൈകി'യെ പഞ്ചാബിയുടെ ഒരു ദേശ്യഭേദം (ഡയലക്ട്) ആയി കണക്കാക്കുന്നവർ കുറവല്ല. ആധുനിക സിന്ധി തന്നെയാണ് 'സിരൈകി' എന്നു വേറെ ചില ഭാഷാശാസ്ത്രജ്ഞന്മാർ കരുതുന്നു. യഥാർത്ഥത്തിൽ സിന്ധിഭാഷയ്ക്കും പഞ്ചാബിഭാഷയ്ക്കും മദ്ധ്യത്തിലായിട്ടാണ് 'സിരൈകി' ഭാഷയുടെ സ്ഥാനം.

സമ്പന്നമായ സാഹിത്യമുള്ള ഒരു വികസിതഭാഷയാണ് സിന്ധി. അതിനു സ്വന്തമായൊരു ലിപിയുണ്ട്. സിന്ധ് പ്രദേശം പാക്കിസ്ഥാനിൽ ഉൾപ്പെടുത്തിയപ്പോൾ, അവിടെനിന്നു വളരെയധികം സിന്ധികൾ ഇന്ത്യയിലേക്കു പാർപ്പു മാററി. ഇവരെക്കരുതി സിന്ധ്ഭാഷയെ ഒരു ഇന്ത്യൻ ഭാഷയായി പരിഗണിച്ച് ഇന്ത്യൻ ഭരണഘടനയിൽ ഉള്ള ഭാഷകളുടെ പട്ടികയിൽ പെടുത്തിയിട്ടുണ്ട്. ഇക്കഴിഞ്ഞ ഒക്ടോബറിൽ ഒരു അന്താരാഷ്ട്രീയ സിന്ധിസമ്മേളനം ഡൽഹിയിൽ നടന്നു. പ്രധാനമന്ത്രി ഇന്ദിരാഗാന്ധി അതിൽ പങ്കെടുത്തു. ഇന്ദിരാഗാന്ധി ഈ സമ്മേളനത്തിൽ ചെയ്ത പ്രസംഗം പാക്കിസ്ഥാൻെറ ആഭ്യന്തരകാര്യങ്ങളിൽ ഇന്ത്യാഗവണ്മെൻറിൻെറ കൈകടത്തലായി വ്യാഖ്യാനിക്കപ്പെട്ടു.

ഡൽഹിയിലെ മുഗൾ പട്ടാളത്താവളങ്ങളിൽ, അന്നത്തെ ഹിന്ദിയും അറബി—പേഴ്സ്യൻ ഭാഷകളും കലർന്നു് ഉത്ഭവിച്ച ഒരു 'മണിപ്രവാളം' ആണ് ഉർദു. പിന്നീട് ലക്നോയിൽ നവാബുമാരുടെ കീഴിലും ഹൈദരാബാദിൽ നൈസാമുകളുടെ കീഴിലും ഉർദു വളരെ വികസിച്ചു. എങ്കിലും ഉർദു പിറന്നതു് പഞ്ചാബിലാണെന്നും, അതിനു ബന്ധം പഞ്ചാബി, സിരൈകി എന്നീ ഭാഷകളോടാണെന്നും വാദിക്കുന്ന ഭാഷാശാസ്ത്രജ്ഞരുടെ ഒരു തലമുറ പാക്കിസ്ഥാനിൽ വളർന്നുവന്നിട്ടുണ്ട്. 'ഉർദു'വിനെ ഒരു 'വിദേശ'ഭാഷ അല്ലാതാക്കുകയാണ് ഈ വാദഗതി കൊണ്ടു് ഉദ്ദേശിക്കുന്നതു്. പാക്കിസ്ഥാനിലെ മററ് ഏതു ഭാഷയേക്കാളും വികസിച്ചതാണ് ഉർദു. അതിലെ പദ്യസാഹിത്യം അത്യന്തം സമ്പന്നമാണ്. പഞ്ചാബിമുസ്ലിങ്ങളുടെ സാംസ്കാരികഭാഷ, ഇപ്പോൾ ഉർദു അത്രേ.

സിന്ധിയെപ്പോലെതന്നെ സ്വന്തമായ ലിപിമാലയും വികസിതമായ സാഹിത്യവും ഉള്ള ഭാഷകളാണ് ബലൂചിസ്ഥാനിലെ ബലൂചിയും വടക്കുപടിഞ്ഞാറൻ അതിർത്തിപ്രദേശിലെ പശ്തോയും. പശ്തോ സംസാരിക്കുന്ന ജനങ്ങൾ പാർക്കുന്ന പാക്കിസ്ഥാനിലെയും അഫ്ഘാനിസ്ഥാനിലെയും ഭൂപ്രദേശങ്ങൾ ഉൾപ്പെടുത്തി സ്വതന്ത്രമോ, സ്വയംഭരണം ഉള്ളതോ ആയ ഒരു രാജ്യം—പഖ്തൂണിസ്ഥാൻ—രൂപവല്ക്കരിക്കണമെന്ന വാദത്തിനു് ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനത്തോളം പഴക്കമുണ്ട്. ബ്രിട്ടീഷ് വാഴ്ചയുടെ കീഴിൽ ഏറെക്കുറെ സ്വതന്ത്രമായിരുന്ന ബലൂചിസ്ഥാനെ പാക്കിസ്ഥാനിൽനിന്നു വിടർത്തി സ്വതന്ത്രമാക്കണമെന്ന വാദത്തിനും ശക്തി കുറഞ്ഞിട്ടില്ല.

ഈ ഭാഷകളെ ഒന്നും പ്രാഥമിക വിദ്യാഭ്യാസത്തിൻെറപോലും മാധ്യമമായി പാക്കിസ്ഥാൻ നടപ്പിൽ വരുത്തിയിട്ടില്ല. ഏറെക്കുറെ വൈദേശികമെന്നു പറയാവുന്ന, ഏതു നിലയ്ക്കും മാതൃഭാഷയോ, പ്രാദേശിക ഭാഷയോ അല്ലാത്ത, ഉർദുവാണ് അവിടെ പ്രാരംഭഘട്ടത്തിലെ വിദ്യാഭ്യാസത്തിൻെറ ഭാഷ. ഉന്നതവിദ്യാഭ്യാസവും ഭരണവും വരേണ്യവർഗ്ഗത്തിൻെറ ഭാഷയായ ഇംഗ്ലീഷിലും നടക്കുന്നു. പാക്കിസ്ഥാനെ ജനാധിപത്യവൽക്കരിക്കുന്നതിനായി ഇന്നു് അവിടെ നടന്നുകൊണ്ടിരിക്കുന്ന സമരത്തിൻെറ പ്രേരകശക്തികളിലൊന്നു് ഈ പ്രാദേശികഭാഷകൾക്കു്

അവ അർഹിക്കുന്ന സ്ഥാനം ജനജീവിതത്തിൽ നൽകണമെന്ന, ന്യായവും സ്വാഭാവികവുമായ, ആഗ്രഹം ആകുന്നു.

(ഒക്ടോബർ 3—ലെ 'പാക്കിസ്ഥാൻ ടൈംസിൽ' പ്രസിദ്ധീകരിച്ചിരുന്ന ഒരു ലേഖനത്തിൽനിന്നെടുത്തതാണ് ഈ കുറിപ്പിലെ വസ്തുതകൾ.)
(8 നവംബർ, 1983 )

# 13. ഇന്ത്യയെപ്പററി പാക്കിസ്ഥാൻെറ മതിപ്പ്

നമ്മേപ്പററി നമുക്കുള്ള മതിപ്പു തീർച്ചയായും പ്രധാനംതന്നെ. അതേസമയം അന്യർക്കു നമ്മേപ്പററിയുള്ള മതിപ്പിനും പ്രാധാന്യമില്ലായ്കയില്ല. ഈ രണ്ടുതരം മതിപ്പുകളും ഒന്ന് ഒന്നിനു പൊരുത്തപ്പെടാതെവരുമ്പോൾ ജീവിതനിർവഹണം പ്രയാസപൂർണമായിത്തീരുന്നു. പ്രവൃത്തികൾക്ക് ഉദ്ദിഷ്ടവിപരീതങ്ങളായ ഫലങ്ങൾ ഉണ്ടാകാൻ തുടങ്ങുന്നു. അന്യർക്കു തന്നെപ്പററിയുള്ള മതിപ്പു മനസ്സിലാക്കാതെ, തന്നെപ്പററി തനിക്കുള്ള മതിപ്പിനെ മാത്രം ആധാരമാക്കി പ്രവർത്തിക്കുന്നവൻ മൂഢസ്വർഗത്തിൽ വസിക്കുന്നവനാണ്. അവൻ തനിക്കോ, സമൂഹത്തിനോ നന്മ ചെയ്യില്ല.

വ്യക്തികളെ സംബന്ധിച്ചിടത്തോളം പ്രസക്തമായ ഈ വസ്തുത രാഷ്ട്രങ്ങളെ സംബന്ധിച്ചാവുമ്പോൾ കൂടുതൽ പ്രസക്തമായിത്തീരുന്നു.

നമ്മുടെ അയൽരാജ്യമായ പാക്കിസ്ഥാൻ അഫ്ഗാനിസ്ഥാനിലെ റഷ്യൻ സാന്നിദ്ധ്യത്തിൻെറ പേരിൽ, അമേരിക്കയിൽനിന്ന് ആയുധങ്ങളും അത്യാധുനിക സൈനികോപകരണങ്ങളും വാങ്ങിക്കൂട്ടുകയാണ്. അടുത്തകാലത്ത് പാക്കിസ്ഥാൻ അമേരിക്കയിൽനിന്നു കൈയ്യിലാക്കിയിട്ടുള്ള മിസൈലുകൾ ഉപയോഗിച്ച് കടലിൽ നമ്മുടെ കപ്പലുകളെ മാത്രമല്ല, ബോംബെയിൽ കടലിലുള്ള എണ്ണഖനനസംവിധാനമോ, താരാപൂർ അണുവൈദ്യുതീനിലയമോപോലെ, ഇന്ത്യയെ സംബന്ധിച്ചിടത്തോളം മർമ്മപ്രധാനങ്ങളായ ലക്ഷ്യങ്ങളെക്കൂടി, മിനിട്ടുകൾക്കുള്ളിൽ തകർത്തുകളയാൻ കഴിയും. പാക്കിസ്ഥാനിലെ സേനയുടെ വളരെ വലിയ ഒരു ഭാഗം ഇന്ത്യൻ അതിർത്തിയിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. ഇന്ത്യയ്ക്കെതിരായ പ്രചാരവേല പാക്കിസ്ഥാനിലെ പത്രങ്ങൾ തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുന്നു. ഇതൊക്കെക്കാരണമാവണം, അതിർത്തിക്കപ്പുറത്തുനിന്ന് ഇന്ത്യ നേരിട്ടുകൊണ്ടിരിക്കുന്ന ഭീഷണിയെപ്പററി പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഇടയ്ക്കിടെ ഇരുണ്ട സൂചനകൾ നല്കിവരുന്നുണ്ട്. തൻെറ പാർട്ടിക്കെതിരായ ആഭ്യന്തരശക്തികൾ യോജിക്കുന്നതു തടയാൻവേണ്ടിയാണ് ഈ ഭീഷണി പ്രധാനമന്ത്രി കൂടെക്കൂടെ ഉയർത്തിക്കാട്ടുന്നതെന്ന് പ്രതിപക്ഷപാർട്ടികൾ ആക്ഷേപിക്കുന്നു.

ഈ പരിതഃസ്ഥിതിയിൽ, ഇന്ത്യയെപ്പററി പാക്കിസ്ഥാനുള്ള ശരിയായ മതിപ്പ് എന്തെന്നു നാം അറിഞ്ഞിരിക്കുന്നത് നന്ന്. 'പാക്കിസ്ഥാൻ ടൈംസ്' ഓവർസീസ് വീക്ക്ലിയുടെ നവംബർ 20—ാം തീയതിയിലെ ലക്കത്തിൽ, 'ഭീഷണിയുടെ സ്വഭാവം' എന്ന പേരിൽ ഇസഡ്. എ. സുലേരി എഴുതിയ ഒരു ലേഖനം ഇന്ത്യയെപ്പററി പാക്കിസ്ഥാനിലെ അഭ്യസ്തവിദ്യർ പുലർത്തുന്ന മതിപ്പ് എന്തെന്നു വ്യക്തമാക്കുന്നു. സുലേരിയുടെ ലേഖനത്തിൻെറ ഒരു സംക്ഷേപമാണ് താഴെ ചേർക്കുന്നത്.

'ഇന്ത്യയിൽനിന്നുള്ള ഭീഷണിയെ പാക്കിസ്ഥാൻ നേരിട്ടു വരികയാണെന്നതു് പ്രകടമാണ്' എന്ന് സുലേരി ലേഖനം തുടങ്ങുന്നു. ഈ ഭീഷ